പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,85,75,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,15,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,04,29,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,46,43,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,49,42,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, വ്യവസായങ്ങൾ എന്ന XXXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,08,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, പ്രമേയങ്ങളെ ഞാൻ പിന്താങ്ങുന്നു.

ക്രമപ്രശ്നം

ഹർത്താൽ ദിവസം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിയത് സംബന്ധിച്ച്

ശ്രീ. പി. പി. തങ്കച്ചൻ : . രണ്ടു മൂന്ന് ദിവസങ്ങൾക്ക് മുമ്പ് എസ്.എസ്. എൽ.സി. പരീക്ഷയുടെ കാര്യത്തിൽ പരീക്ഷ മാറ്റിവച്ചതിനെക്കുറിച്ച് ഇവിടെ ചർച്ച വന്നു. പരീക്ഷ എഴുതാൻ സാധിക്കാത്തവരുടെ ഡീറ്റയിൽസ് അന്ന് വൈകുന്നേരം തരാമെന്ന് പറഞ്ഞു. പിറ്റേ ദിവസം തരാമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞു. ഇന്നലെ നിയമസഭയിൽ കൊണ്ടുവരുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. ഇതുവരെ കൊണ്ടുവന്നിട്ടില്ല, ഇന്നും കൊണ്ടുവന്നിട്ടില്ല. അത് ശരിയല്ല. ഉറപ്പ് പറഞ്ഞതാണ്. സ്പീക്കറും പറഞ്ഞതാണ്, അതിനെക്കുറിച്ച് അറിയാൻ താല്പര്യമുണ്ട്. ഞങ്ങൾക്ക് കിട്ടിയിട്ടുള്ള കണക്കനുസരിച്ച് വളരെ കൂടുതൽ കുട്ടികൾ അന്ന് പരീക്ഷ എഴുതിയില്ല. എനിക്ക് കിട്ടിയ കണക്കാണ്. ആധികാരികമായിട്ട് പറയാൻ ഞാൻ ആളല്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ഇപ്പോൾ ഇല്ല. അദ്ദേഹം അതിന്റെ റിപ്പോർട്ടുകളെല്ലാം ശേഖരിച്ച് ഇവിടെ നല്കിയിട്ടുണ്ട്. അത് ചെയറിന് ലഭിച്ചിട്ടുമുണ്ട്. എനിക്ക് തോന്നുന്നത് അതിന്റെ ഒരു കോപ്പി അദ്ദേഹം പോകുന്നതിന് മുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനു കൊടുത്തുവെന്നാണ്. ഇവിടെ ശ്രീ. പി. പി. തങ്കച്ചൻ പറഞ്ഞത് ശരിയാണ്. ഇത് ഇവിടെ പറയേണ്ടതാണ്. ഇന്ന് പറയാൻ മാറ്റിവച്ചതാണ്. പറയാമെന്നു പറഞ്ഞു. അദ്ദേഹം തന്നിരിക്കുന്നത് സഭയുടെ അറിവിലേയ്ക്ക് വേണമെങ്കിൽ ഞാൻ വായിക്കാം. അത് പറഞ്ഞിരിക്കുന്നത് ട്ടോട്ടൽ ചെയ്തിട്ടില്ല. 14 റവന്യൂ ഡിസ്ട്രിക്ടുകളിലായിട്ട് 34 എഡ്യൂക്കേഷൻ ഡിസ്ട്രിക്ടുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഓരോ എഡ്യൂക്കേഷൻ ഡിസ്ട്രിക്ടിലും 8-ാം തീയതി മുതലുള്ള പരീക്ഷകളിൽ 8, 9, 10, 13, 14,15 പിന്നെ 20, 21, ഇങ്ങനെയാണല്ലോ പരീക്ഷ കഴിഞ്ഞത്. പരീക്ഷയിൽ ആബ്സന്റായവരുടെ വ്യക്തമായ കണക്ക് ഇവിടെ ലഭിച്ചിട്ടുണ്ട്. ഹർത്താൽ ദിവസം നടന്ന പരീക്ഷ. സർക്കാരിന് ഔദ്യോഗികമായി ലഭിച്ച കണക്ക് പറയാം. അത് പറയുമ്പോൾ, ആബ്സന്റ് എന്നുപറയുന്നത് സ്ഥിരം ആബ്സന്റ് ഉണ്ട്. അത് അറിയാൻ വേണ്ടി തൊട്ടു തലേ ദിവസത്തേതും പറയും അടുത്ത ദിവസത്തേതും പറയും. അപ്പോഴേ അതിന്റെ കമ്പാരിസൻ കിട്ടൂ. പ്രശ്നമുള്ളത് 20-ാം തീയതിയാണ്. അല്ലേ ? 15-ാം തീയതിയിലേയും വായിക്കാം 20-ാം തീയതിയിലേയും വായിക്കാം. എജ്യൂക്കേഷണൽ ഡിസ്ട്രിക്ട് വൈസായിട്ടാണ് വായിക്കുന്നത്. ട്രിവാൻട്രം എജ്യൂക്കേഷണൽ ഡിസ്ട്രിക്ട് : 15-ാം തീയതി 10 ആബ്സന്റ്, 20-ാം തീയതി 14 ആബ്സന്റ്. ആറ്റിങ്ങൽ 15-ാം തീയതി 24 ആബ്സന്റ്, 20-ാം തീയതി 33 ആബ്സന്റ്. നെയ്യാറ്റിൻകര 15-ാം തീയതി ആബ്സന്റ് ഇല്ല, 20-ന് രണ്ട് ആബ്സന്റ്. കൊല്ലം 15-ാം തീയതി 18 ആബ്സന്റ്, 20-ന് 22 ആബ്സന്റ്. കൊട്ടാരക്കര 15-ാം തീയതി 2 ആബ്സന്റ് 20-ന് 5 ആബ്സന്റ്. പുനലൂർ 15-ാം തീയതി ആബ്സന്റ് ഇല്ല, 20-ന് 5 ആബ്സന്റ്. ആലപ്പുഴ എജ്യൂക്കേഷണൽ ഡിസ്ട്രിക്ട: 15-ാം തീയതി 11 ആബ്സന്റ്, 20-ന് 18 ആബ്സന്റ് ചേർത്തല 15-ാം തീയതി ആബ്സന്റ് ഇല്ല., 20-ാം തീയതി ഒരു ആബ്സന്റ്. മാവേലിക്കര 15-ാം തീയതി 5 ആബ്സന്റ്, 20-ന് 6 ആബ്സന്റ്. പത്തനംതിട്ട 15-ാം തീയതി 7 ആബ്സന്റ്, 20-ന് 11 ആബ്സന്റ്. തിരുവല്ല 15-ാം തീയതി ആബ്സന്റ് ഇല്ല. 20-ന് 2 ആബ്സന്റ്. കോട്ടയം എജ്യൂക്കേഷണൽ ഡിസ്ട്രിക്ട: 15-ാം തീയതി 4 ആബ്സന്റ്. 20-ന് 7 ആബ്സന്റ്. കാഞ്ഞിരപ്പള്ളി 15-ാം തീയതി 5 ആബ്സന്റ്, 20-ന് 8 ആബ്സന്റ്. പാലാ 15-ാം തീയതി എല്ലാവരും പ്രസന്റാണ്. 20-ന് 7 ആബ്സന്റ്. കട്ടപ്പന 15-ാം തീയതി 36 ആബ്സന്റ്. 20-ന് 55 ആബ്സന്റ്. തൊടുപുഴ 15-ാം തീയതി ആൾ പ്രസന്റ്. 20-ന് 3 ആബ്സന്റ്. എറണാകുളം 15-ാം തീയതി 35 ആബ്സന്റ്. 20-ന് 49 ആബ്സന്റ്. ആലുവ 15-ാം തീയതി 2 ആബ്സന്റ്. 20-ന് 8 ആബ്സന്റ്. കോതമംഗലം 15-ാം

LIBRARY ARCHIVES Kerala Legislative Assembly

തീയതി 36 ആബ്സന്റ്. 20-ന് 41 ആബ്സന്റ്. മുവാറ്റുപുഴ 15-ാം തീയതി 27 ആബ്സന്റ്. 20-ന് 31 ആബ്സന്റ്. തൃശ്ശൂർ 15-ാം തീയതി 56 ആബ്സന്റ്. 20-ന് 62 ആബ്സന്റ്. ചാവക്കാട് 15-ാം തീയതി 174 ആബ്സന്റ്. 20-ന് 248 ആബ്സന്റ്. ഇരിങ്ങാലക്കുട 15-ാം തീയതി 63 ആബ്സന്റ്. 20-ന് 69 ആബ്സന്റ്. പാലക്കാട് 15-ാം തീയതി 192 ആബ്സന്റ്. 20-ന് 256 ആബ്സന്റ്. ഒറ്റപ്പാലം 15-ാം തീയതി 115 ആബ്സന്റ്. 20-ന് 139 ആബ്സന്റ്. മലപ്പുറം 15-ാം തീയതി 534 ആബ്സന്റ്. 20-ന് 552 ആബ്സന്റ്. തിരൂർ 15-ാം തീയതി 177 ആബ്സന്റ്. 20-ന് 261 ആബ്സന്റ്. കോഴിക്കോട് 15-ാം തീയതി 192 ആബ്സന്റ്. 20-ന് 250 ആബ്സന്റ്. വടകര 15-ാം തീയതി 398 ആബ്സന്റ്. 20-ന് 572 ആബ്സന്റ്. വയനാട് 15-ാം തീയതി 73 ആബ്സന്റ്. 20-ന് 191 ആബ്സന്റ്. കണ്ണൂർ 15-ാം തീയതി 109 ആബ്സന്റ്. 20-ന് 161 ആബ്സന്റ്. തലശ്ശേരി 15-ാം തീയതി 201 ആബ്സന്റ്. 20-ന് 261 ആബ്സന്റ്. കാഞ്ഞങ്ങാട് 15-ാം തീയതി 12 ആബ്സന്റ്, 20-ന് 16 ആബ്സന്റ്. കാസർകോട് 15-ാം തീയതി 107 ആബ്സന്റ്. 20-ന് 123 ആബ്സന്റ്. ഇതാണ് അതിന്റെ സ്ഥിതിവിവര കണക്ക്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഇപ്പോൾ കടക്കണ്ട.....(ബഹളം) ..... ആ ഒരു ദിവസം മാത്രം എത്ര കൂടുതലാണ് എന്ന് കാൽക്കുലേറ്റ് ചെയ്യണം. അത് വേറെ വിഷയം. ഇനി സബ്മിഷനുള്ള മറുപടി.....(ബഹളം).....അത് ബഹുമാനപ്പെട്ട മന്ത്രി വരട്ടെ മന്ത്രി വന്നിട്ടു പറയാം.....(ബഹളം).....

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): അങ്ങനെ മന്ത്രി പറഞ്ഞിട്ടില്ല. മന്ത്രി അന്ന് സഭയിൽ പറഞ്ഞത് 200 നകത്തുള്ള ആളുകളുടെ പേരാണ് ഇപ്പോൾ കിട്ടിയിരിക്കുന്നത്. കൂടുതൽ ആളുകളുടെ വിവരങ്ങളുണ്ട്. അത് ശേഖരിച്ചു പറയാം എന്നാണ്.....(ബഹളം)

മി.സ്പീക്കർ : അതിന് ഡിസ്ക്കഷനില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയാണ് പറയേണ്ടത്. ഇപ്പോൾ സബ്മിഷനുള്ള മറുപടി വായിക്കാം.

വാളാട് - കുഞ്ഞോം എം.എൽ.എ റോഡിന്റെ പണി

(ശ്രീമതി രാധാരാഘവൻ ഉന്നയിച്ച സബ്മിഷനുള്ള മറുപടി)

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, വയനാട് ജില്ലയിലെ വാളാട്-കുഞ്ഞോം എം.എൽ.എ റോഡിന് 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതിക അനുമതിയും നൽകി. 1995-ൽ തുടങ്ങിയ താണ്. അന്ന് 2 ലക്ഷം രൂപയേ ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നുള്ളു. ബാക്കി അതായത് 0/550 വരെയുള്ള ഭാഗത്തിന്റെ മണ്ണ് പണി ആരംഭിച്ചിരുന്നു. റോഡ് ഫോർമേഷൻ പൂർത്തിയായിട്ടില്ല. എന്നാൽ ഈ റോഡുപണി കരാറുകാരൻ ഉപേക്ഷിച്ചിട്ടു പോയിട്ട് രണ്ടര വർഷമായി. പണിയിൽ നിന്നും കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ നോട്ടീസ് നൽകിയിരുന്നുവെങ്കിലും അതിനെതിരെ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസ്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമായിട്ടില്ല. കേസിന്റെ കാര്യത്തിൽ തീർപ്പാക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതയ്ക്ക് അനുസരിച്ച് റോഡ് പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ധനകാര്യം - (തുടർച്ച)

1999 - 2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച

ശ്രീ. പി. ജെ. ജോയി : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ കമ്മി വർദ്ധിപ്പിക്കാൻ മാത്രമാണ് ഡിമാന്റ്സ് വന്നതുകൊണ്ട് കഴിയുന്നത്. നമ്മുടെ സംസ്ഥാനത്തെ യാതൊരു ലക്ഷ്യബോധവുമില്ലാതെ മുന്നോട്ടു പോകുന്ന സാമ്പത്തിക മാനേജുമെന്റിനെക്കുറിച്ച് ഞാൻ ഈ ബഡ്ജറ്റ് ചർച്ചകളിലൊക്കെ ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതുകൊണ്ട് ആവർത്തിക്കുന്നില്ല. ഓരോ സന്ദർഭത്തിലും അഡീഷണൽ ആതറൈസേഷനോ അതല്ലെങ്കിൽ ഇതുപോലുള്ള സപ്ലിമെന്ററി ഡിമാന്റ്സോ കൊണ്ടുവരുന്നതിൽ വളരെ ന്യായമായ കാര്യങ്ങളൊന്നും തന്നെയില്ല. അത് നൽകി കമ്മി വർദ്ധിപ്പിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. 1998-99-ലെ ബഡ്ജറ്റിൽ ആ വർഷത്തെ റവന്യൂ കമ്മി 945 കോടി രൂപ ആയിരിക്കുമെന്നു പറഞ്ഞു. 1604 ആയി.

മി.സ്പീക്കർ : ഒന്നരയ്ക്ക് സഭ അവസാനിപ്പിക്കാനുള്ളതാണ്. ഇപ്പോൾ ചർച്ച തുടങ്ങുന്നതേയുള്ളൂ. അതുകൊണ്ട് എല്ലാവരും സമയത്തിന്റെ കാര്യത്തിൽ പരമാവധി, അങ്ങേയറ്റം ശ്രദ്ധിക്കണം.

ശ്രീ. പി. ജെ. ജോയി : ഒന്നേ കാലിനാണ് തുടങ്ങിയത്. 1999-2000 വർഷത്തിൽ റവന്യൂ കമ്മി 1851 കോടിയായിരിക്കും എന്നു പറഞ്ഞു. അത് 2481 കോടിയായി. ഈ നിലയിൽ കമ്മി കൂടിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമുക്ക് പലപ്പോഴും കാണാൻ കഴിയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കേണ്ട കാര്യം,

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ]

ഈ തന്നാണ്ടുവർഷത്തെ ബഡ്ജറ്റിൽ, അതായത് ഇന്നത്തെ ചർച്ച 1999-2000 വർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ബഡ്ജറ്റ് പ്രസംഗമാണല്ലോ. ഈ തന്നാണ്ടിൽ നമുക്ക് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 1999-2000 വർഷത്തെ ബഡ്ജറ്റിൽ അങ്ങ് ഒട്ടേറെ വാഗ്ദാനങ്ങൾ നൽകി. ഞാൻ പറയുന്നത്, അങ്ങിവിടെ നൽകിയ വാഗ്ദാനങ്ങൾ ഒന്നും പാലിക്കാതെ കുറെ അഡീഷണലായി മറ്റ് അലോട്ട്മെന്റുകൾ മാത്രം നടത്തുകയും സപ്ലിമെന്ററി ഗ്രാന്റ്സ് അനുവദിക്കുകയും ചെയ്യുന്നത് ശരിയല്ല. ആദ്യം ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ, അങ്ങ് സന്തോഷത്തോടുകൂടി പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നില്ല. ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ പറയാം. വേൾഡ് ബാങ്ക് സഹായത്തോടെ ആയിരം കിലോമീറ്റർ വരുന്ന സംസ്ഥാന ദേശീയ പാതകളുടേയും ജില്ലാ റോഡുകളുടേയും പുനർ നിർമ്മാണത്തിന് തുടക്കം കുറിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി 1999-2000 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. നബാർഡിന് 90 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly